**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2814** **13-10-2021 - ൽ മറുപടിയ്ക്ക്**

**വാനരശല്യം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഗ്രാമപഞ്ചായത്തുകളായ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിലെ വർദ്ധിച്ചുവരുന്ന വാനരശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമ്പൂരി പഞ്ചായത്തിൽ 22-09-2021-ൽ നെയ്യാർ അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ ജനസാഗ്രതാ സമിതി വിളിച്ചുകൂട്ടി ഇക്കാര്യം ചർച്ച ചെയ്യുകയും വാനരശല്യം പരിഹരിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം മുഖേന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വാനര ശല്യത്തിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | വാനരശല്യം കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ജനജാഗ്രതാ സമിതികൾ വഴി പ്രശ്നങ്ങൾ പിരഹരിക്കുന്നതിനും അക്രമകാരികളായ വാനരന്മാരെ റാപ്പിഡ് റെസ്പോൺസ് ടീം മുഖേന പിടിച്ച് വനത്തിനുള്ളിൽ കൊണ്ടുവിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വാനരന്മാർ കൃഷി നശിപ്പിക്കുന്നതു മൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | വന്യജീവികളുടെ ആക്രമണം മൂലം നാശനഷ്ടം നേരിട്ടവർക്ക് 1980 ലെ ദി കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. സ.ഉ. (കൈ) നമ്പർ 02/2015/വനം തീയതി 08.01.2015-ലെ ഉത്തരവ് പ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. 05.04.2018-ലെ സ.ഉ. (കൈ) നം.17/2018/വനം ഉത്തരവ് പ്രകാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകുന്നതാണ്. ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ഡി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് വന്യജീവി |

| | | | |
|---|---|---|---|
| | | | ആക്രമണങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ